(ബി) നിലവിൽ നോർക്ക റൂട്ട്സിൽ 51.3% സർക്കാർ ഓഹരിയുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഗൾഫിൽ നിന്ന് മൃതശരീരം കൊണ്ടുവരുന്നതിനുള്ള ചെലവ്

96 (4131) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫിൽനിന്ന് മൃതശരീരം കൊണ്ടുവരുന്നതിന് യാത്രചെലവിന്റെ മൂന്നിരട്ടി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രവാസികൾക്ക് ഇക്കാര്യത്തിലുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ എന്ത നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രശ്നപരിഹാരത്തിനായി വിഷയം എയർഇന്ത്യ എക്സ്പ്രസിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

നഴ്സിംഗ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ

97 (4132) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സിംഗ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ തലത്തിൽ വിദേശരാജ്യങ്ങളിലെ മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് എന്ത പ്രവർത്തനങ്ങളാണ് കഴിഞ്ഞ മൂന്ന മാസത്തിലധികമായി നോർക്കവഴി നടത്തിയിട്ടുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ;

(ബി) ഇതുവഴി എത്രപേർക്ക് നഴ്സിംഗ് ജോലികൾ വിദേശത്ത് ലഭിക്കുവാൻ സഹായകരമായ നടപടികൾ വകുപ്പുവഴി ഉറപ്പുവരുത്തിയിട്ടുണ്ടെന്ന വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നഴ്സിംഗ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് വിദേശരാജ്യങ്ങളിലെ മന്ത്രാലയങ്ങളുമായി ആശയവിനിമയം നടത്തുന്നതിൽ എന്തെങ്കിലും വീഴ്ചകൾ സർക്കാർ തലത്തിൽ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 18 ഇ.സി.ആർ രാജ്യങ്ങളിലേക്കുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റ് സർക്കാർ ഏജൻസികൾ മുഖേന മാത്രമാക്കിയുള്ള കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുവൈറ്റിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ സംബന്ധിച്ച് കുവൈറ്റ് ആരോഗ്യ മന്ത്രാലയവുമായി ചർച്ച ചെയ്യുന്നതിനായി തൊഴിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നോർക്കവകുപ്പ് സെക്രട്ടറി, നോർക്ക - റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഒ.ഡി.ഇ.പി.സി. മാനേജിംഗ് ഡയറക്ടർ എന്നിവരുൾപ്പെട്ട ഉദ്യോഗസ്ഥസംഘം കുവൈറ്റ് സന്ദർശിക്കുകയും കുവൈറ്റിലെ ഇന്ത്യൻഎംബസി അധികൃതരുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കുവൈറ്റ് ആരോഗ്യമന്ത്രാലയത്തിന്റെ അനുകൂല മറുപടി പ്രതീക്ഷിക്കുന്നു. കൂടാതെ വിദേശറിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇ-മൈഗ്രേറ്റ് സംവിധാനത്തെക്കുറിച്ച് വിദേശതൊഴിൽദായകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇ-മൈഗ്രേറ്റ് സംവിധാനം വഴിയുള്ള വിദേശ തൊഴിൽദായകരുടെ അപേക്ഷകൾ യഥാസമയം അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തോടും മറ്റ് ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളിലെ തലവൻമാരോട് ആവശ്യപ്പെടുകയുമുണ്ടായി. യു.എ.ഇ., സൗദിഅറേബ്യ തുടങ്ങിയ രാജ്യങ്ങളിലെ ഇന്ത്യൻഎംബസ്സികൾ ഇതിനാവശ്യമായ നടപടികൾ ഇ - മൈഗ്രേറ്റ് സംവിധാനം മുഖേന സ്വീകരിക്കുന്നുണ്ട്.

(ബി) സുഗമമായ വിദേശറിക്രൂട്ട്മെന്റ് ഉറപ്പാക്കുന്നതിനും സുതാര്യത നിലനിർത്തുന്നതിനുമായി ജോലി നേടാനാഗ്രഹിക്കുന്ന നഴ്സുമാരുടെ പ്രത്യേക ഡാറ്റാബേസ് തയ്യാറാക്കാൻ നോർക്കറൂട്ട്സ് നടപടി ആരംഭിച്ചിട്ടുണ്ട്. വിദേശജോലി ആഗ്രഹിക്കുന്നവർക്ക് നോർക്ക റൂട്ട്സിന്റെ ഓൺലൈൻ പോർട്ടലായ www.jobsnorka.gov.in -ൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. നിലവിൽ യു.എ.ഇ.-യിലെ രണ്ട് ആരോഗ്യ പരിപാലന കേന്ദ്രങ്ങളിലെ നൂറോളം ഒഴിവുകളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിന് നോർക്ക റൂട്ട്സ് മുഖാന്തിരം നടപടി സ്വീകരിച്ചുവരുന്നു. ഇതിന് പുറമെ പതിനഞ്ചോളം വിദേശ തൊഴിൽദാതാക്കൾ ഇ - മൈഗ്രേറ്റ് സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സർക്കാർ തലത്തിൽ വീഴ്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly